"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 164/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(സാധാ) നം.2495/2025/LSGD** | **തീയതി, തിരുവനന്തപുരം, 13-10-2025** |

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ 26/09/2008 തീയതിയിലെ എൽ.എ.ആർ.164/2005 നമ്പർ കേസിന്മേലുള്ള വിധിന്യായം.
2. സ.ഉ.(അച്ചടി) നം. 32/2019/ധന, തീയതി, 18/03/2019.
3. ബഹു. കേരള ഹൈക്കോടതിയുടെ 30/01/2025 തീയതിയിലെ എൽ.എ.അപ്പീൽ 819/2013 നമ്പർ അപ്പീലിന്റെ വിധിന്യായം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/08/2025 തീയതിയിലെ എ3/1953/2025/ട്രിഡ നമ്പർ കത്ത്
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2025 തീയതിയിലെ DCTVM/6607/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2031/3-2-ൽപ്പെട്ട 0.31 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 164/2005 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള 11,62,361/ രൂപ റിക്കൂപ്പ് ചെയ്യുന്നതിനായും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/ രൂപ ടി കേസിലെ കക്ഷിയായ ശ്രീ. സുനിൽകുമാറിന് അനുവദിക്കുന്നതിനുമായി ആകെ 26,72,400/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2031/3-2-ൽപ്പെട്ട 0.31 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 164/2005 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള 11,62,361/ രൂപ '8674-00-101-99' എന്ന ശീർഷകത്തിലേക്ക് റിഫണ്ട് ചെയ്യുന്നതിനായും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 15,10,039/ രൂപ ടി കേസിലെ കക്ഷിയായ ശ്രീ. സുനിൽകുമാർ [S/o ലക്ഷ്മണൻ, റ്റി.സി.27/36(2), ഋഷിമംഗലം, വഞ്ചിയൂർ, തിരുവനന്തപുരം 695 102]-ന് അനുവദിക്കുന്നതിനുമായി ആകെ 26,72,400/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. സുനിൽകുമാർ, S/o ലക്ഷ്മണൻ, റ്റി.സി.27/36(2), ഋഷിമംഗലം, വഞ്ചിയൂർ, തിരുവനന്തപുരം 695 102. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/130/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 14-10-2025 11:09:49

സെക്ഷൻ ഓഫീസർ